പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1578 11.02.2013- ലെ മറുപടി

## പ്രവാസി മലയാളികളുടെ കണക്ക് ശേഖരിക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. ലൂഡി ലൂയിസ് : | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) പ്രവാസി മലയാളികളുടെ കൃത്യമായ കണക്ക് ശേഖരിക്കാനുദ്ദേശിക്കുന്നുണ്ടോ;<br><br>(ബി) ഏതെല്ലാം ഏജൻസിയുടെ സഹായത്തോടെയാണ് കണക്കെടുപ്പ് നടത്തുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ;<br><br>(സി) ഇതിനായി എന്തെല്ലാം പ്രാരംഭനടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ? | (എ, ബി & സി) കേരളത്തിനുപുറത്ത്, ഇന്ത്യയ്ക്കകത്തും വിദേശത്തും തൊഴിൽ ചെയ്യുന്ന മലയാളികളുടെ കണക്കുകളും അവരുടെ സാമൂഹ്യ സാമ്പത്തിക കുടുംബ പശ്ചാത്തലത്തെക്കുറിച്ചുള്ള വിപുലമായ രേഖകൾ ശേഖരിക്കുന്നതിനുമായി ഗവേഷണ സ്ഥാപനമായ സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസിനെ സർക്കാർ ചുമതലപ്പെടുത്തിയിരുന്നു. ഇതിനുവേണ്ടിവരുന്ന തുകയും അവർക്ക് നൽകിയിരുന്നു. 2008 വരെയുള്ള വിശദമായ കണക്കുകൾ ശേഖരിച്ച് ' കേരള മൈഗ്രേഷൻ സർവ്വേ - 2008 ' പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2009 – 2011 വരെയുള്ള സമഗ്രമായ വിവരങ്ങൾ കൂടി ശേഖരിച്ച് ' 2011 - ലെ കേരള മൈഗ്രേഷൻ സർവ്വേ ' റിപ്പോർട്ട് ഇപ്പോൾ സർക്കാരിന് സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ് സമർപ്പിച്ചിട്ടുണ്ട്. ഇത് ഒരു "സാംപിൾ സർവ്വേ മെത്തേഡ്" പ്രകാരമുള്ള പഠനമാണ്. എന്നിരുന്നാലും പ്രവാസി വിഷയങ്ങളിൽ നയരൂപീകരണത്തിനായി പ്രസ്തുത റിപ്പോർട്ടിലെ വിവരങ്ങൾ അപര്യാപ്തമായതിനാൽ പുതിയൊരു കണക്കെടുപ്പ് നടത്തുന്ന കാര്യത്തെക്കുറിച്ച് ആലോചനയുണ്ട്. |

സെക്ഷൻ ഓഫീസർ